**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 16** **23-01-2025 - ല്‍ മറുപടിയ്ക്ക്**

**സിവില്‍ സര്‍വീസ് കാര്‍ക്കിടയിലെ മതാടിസ്ഥാനത്തിലുള്ള വാട്സാപ്പ് ഗ്രൂപ്പുകള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീന്‍** | | **ശ്രീ. പിണറായി വിജയന്‍<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥര്‍ക്കും മറ്റു ജീവനക്കാര്‍ക്കും മതാടിസ്ഥാനത്തില്‍ വാട്സാപ്പ് ഗ്രൂപ്പുകള്‍ രൂപീകരിക്കാന്‍ സര്‍വീസ് ചട്ടങ്ങള്‍ അനുസരിച്ച് സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | സര്‍വീസ് ചട്ടങ്ങളില്‍ ഇത് സംബന്ധിച്ച് പരാമര്‍ശമൊന്നും ഇല്ല. |
| (ബി) | സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും മതാടിസ്ഥാനത്തില്‍ വാട്സാപ്പ് ഗ്രൂപ്പുകള്‍ രൂപീകരിച്ചതുമായി ബന്ധപ്പെട്ട് പരാതികള്‍ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മതാടിസ്ഥാനത്തില്‍ വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ചു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. കെ.ഗോപാലകൃഷ്ണന്‍ ഐ.എ.എസ്.-ന് എതിരെ സര്‍ക്കാര്‍ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>മറ്റ് ജീവനക്കാര്‍ ഇത്തരത്തില്‍ ഗ്രൂപ്പുകള്‍ രൂപീകരിച്ചതായി സര്‍ക്കാര്‍ തലത്തില്‍ പരാതി ലഭിച്ചിട്ടുള്ളതായി ഇതുവരെ ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത പരാതിയിന്മേല്‍ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | മതാടിസ്ഥാനത്തില്‍ വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ചു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. കെ.ഗോപാലകൃഷ്ണന്‍ ഐ.എ.എസ്.-ന് എതിരെ സര്‍ക്കാര്‍ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>മറ്റ് ജീവനക്കാര്‍ ഇത്തരത്തില്‍ ഗ്രൂപ്പുകള്‍ രൂപീകരിച്ചതായി സര്‍ക്കാര്‍ തലത്തില്‍ പരാതി ലഭിച്ചിട്ടുള്ളതായി ഇതുവരെ ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |

സെക്ഷന്‍ ഓഫീസര്‍